**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2655** **07-07-2022 - ൽ മറുപടിയ്ക്ക്**

**അനശ്വര പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ കൂടുതൽ മികവുറ്റതും സുതാര്യവും ലളിതവുമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ആധാരം രജിസ്ട്രേഷന് നിലവിൽ ഉപയോഗിക്കുന്ന സംവിധാനത്തിൽ മാറ്റം കൊണ്ടുവരുന്നുണ്ടോ; പദ്ധതി പൂർത്തീകരണത്തിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ കൂടുതൽ മികവുറ്റതും സുതാര്യവു ലളിതവുമാക്കുന്നതിനായി ആധാരം രജിസ്ട്രേഷന് നിലവിൽ ഉപയോഗിക്കുന്ന സംവിധാനത്തിൽ താഴെ പറയുന്ന മാറ്റങ്ങളാണ് വകുപ്പിന്റെ പരിഗണനയിലുള്ളത്.<br><br>1. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ സൗകര്യം.<br>2. രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട 'smart contract' എന്ന ആശയം നടപ്പിലാക്കി എല്ലാ തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം.<br>3. ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസം തന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആധാര മാതൃകകൾ ലഘൂകരിച്ച് കൊണ്ട ഓൺലൈൻ സംവിധാനത്തിലൂടെ ആധാരം തയ്യാറാക്കി Template based registration സംവിധാനം നടപ്പിലാക്കുന്നതാണ്. മേൽ പദ്ധതി പ്രകാരം ആധാരകക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖേന രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതാണ്. ഈ |

| | | | |
|---|---|---|---|
| | | | പദ്ധതി പൂർണ്ണമായും നടപ്പിലാക്കുമ്പോൾ ആധാര രജിസ്ട്രേഷൻ കഴിഞ്ഞ ആധാരങ്ങൾ അന്നേ ദിവസം തന്നെ മടക്കി നൽകാൻ സാധിക്കുന്നതാണ്.<br>4. രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും.<br>5. റവന്യൂ - സർവ്വെ വകുപ്പുകളുടെ കൂട്ട ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏത് ആധാരവും രജിസ്ട്രേഷൻ നിയമ ഭേദഗതിക്കനുസൃതമായി സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം. |
| (ബി) | ആധാര വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി ആരംഭിച്ച 'അനശ്വര' പദ്ധതിയിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുകയെന്നും പ്രസ്തുത പദ്ധതി സംസ്ഥാനത്താകെ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ; വിശദാംശം നൽകാമോ? | (ബി) | രജിസ്ട്രേഷൻ വകുപ്പിൽ 2018-19 സാമ്പത്തിക വർഷം തുടക്കം കുറിച്ച ഡിജിറ്റൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലേയും വളരെ പഴയതും പൊടിഞ്ഞുപോയതും ഒഴികെയുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുകണ്ടായി.<br><br>സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്ന 'അനശ്വര പദ്ധതി' 2019-20-ലെ ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചിട്ടുള്ളത്.<br><br>പ്രസ്തുത പദ്ധതി മുഖേന തിരുവനന്തപുരം ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലേയും രജിസ്റ്റർ വാല്യങ്ങൾ (വളരെ പഴയതും പൊടിഞ്ഞു പോയതും ഒഴികെയുള്ളവ) ഡിജിറ്റൈസ് ചെയ്യുകയുണ്ടായി. കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിലെ സബ് രജിസ്ട്രാർ ആഫീസുകളിലെ 2005 മുതൽ 2018 വരെയുള്ള 14 വർഷ കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയുമുണ്ടായി. കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, ജില്ലകളിലെ 2005-നു മുമ്പെയുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.<br><br>അടുത്ത ഘട്ടമായി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള വർക്ക് ഓർഡർ സി-ഡിറ്റിന് നൽകുകയും സ്കാനിംഗ് |

| | | | |
|---|---|---|---|
| | | | ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി 2024 വർഷത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ആധാര പകർപ്പുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാകുന്നതോടുകൂടി റെക്കോർഡുകളുടെ സംരക്ഷണത്തോടൊപ്പം തന്നെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓഫീസിൽ നേരിട്ട് വരാതെ തന്നെ ഓൺലൈനായി അപേക്ഷകർക്ക് ലഭ്യമാക്കുവാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ